# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 39 04/02/2013 ൽ മറുപടിക്ക്

## പെൻഷൻ പ്രായത്തിലെ വർദ്ധനവ്

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പെൻഷൻ പ്രായം 56 വയസ്സാക്കിയതിന്റെ ഭാഗമായി ഉണ്ടാകാവുന്ന തൊഴിൽ നഷ്ടം പരിഹരിക്കുവാൻ 2013 ജനുവരി മുതൽ ഡിസംബർ വരെയുള്ള ഒഴിവുകൾ കണ്ടെത്തി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്നും 20.04.2012-ൽ സർക്കാർ സർക്കുലർ നൽകിയിട്ടുണ്ടോ; | (എ) ഉണ്ട്. 2013 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കാൻ സർക്കാർ എല്ലാ നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഈ ഇനത്തിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | (ബി) 2013 ജനുവരി മുതൽ ഡിസംബർ വരെ ഡേറ്റ് ഓഫ് ഒക്കറൻസ് (date of occurance) വരുന്ന 1269 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക് പി.എസ്.സി.യിൽ നിന്നും അർഹരായവർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നു പറയാമോ ; | (സി) പ്രസ്തുത ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായതിനാൽ, ഒഴിവുകൾ നിലവിൽ വരുന്ന തീയതി (date of occurance) അനുസരിച്ച് മാത്രമേ നിയമന ശിപാർശ നൽകാൻ വ്യവസ്ഥയുള്ളൂ. |

സെക്ഷൻ ഓഫീസർ